## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *768 — 08/11/2016 -ൽ മറുപടിക്ക്

# ക്യാൻസർ ബാധിതരുടെ എണ്ണം

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ.എ. എൻ. ഷംസീർ**<br>**ശ്രീ.വി. കെ. സി. മമ്മത് കോയ**<br>**ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ**<br>**ശ്രീ.വി. അബ്ദുറഹിമാൻ** | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** |
| (എ) | സംസ്ഥാനത്ത് വിവിധ തരം ക്യാൻസർ ബാധിച്ചവരുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നതായാണ് തിരുവനന്തപുരം റിജിയണൽ കാൻസർ സെന്ററിലെ രജിസ്ട്രിയുടെ കണക്കുകൾ സൂചിപ്പിക്കുന്നത്. പ്രതി വർഷം അൻപതിനായിരത്തിൽപരം പുതിയ രോഗികൾ രജിസ്റ്റർ ചെയ്യപ്പെടുന്നതായും ഇരുപതിനായിരത്തിലധികം മരണം സംഭവിക്കുന്നതായും കണക്കാക്കപ്പെടുന്നു. |
| (ബി) | പ്രാരംഭ ഘട്ടത്തിൽ രോഗനിർണ്ണയം നടത്തിയാൽ ചികിത്സിച്ച് ഭേദമാക്കാവുന്ന ബ്രെസ്റ്റ് ക്യാൻസർ ഉൾപ്പെടെയുള്ള ക്യാൻസർ നിർണ്ണയത്തിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | ബി) പ്രാരംഭഘട്ടത്തിൽ തന്നെ നിർണ്ണയിക്കപ്പെടാവുന്നതും നിർണ്ണയിക്കപ്പെട്ടാൽ മെച്ചപ്പെട്ട ചികിത്സ നൽകാവുന്നതുമായ വദനാർബുദം (ഓറൽ ക്യാൻസർ) സ്തനാർബുദം (ബ്രെസ്റ്റ് കാൻസർ) ഗർഭാശയ ക്യാൻസർ (സെർവിക്കൽ ക്യാൻസർ) എന്നീ ക്യാൻസറുകൾക്കാണ് ക്യാൻസർ രോഗ നിർണ്ണയ നിയന്ത്രണ പരിപാടിയിലൂടെ ആരോഗ്യ വകുപ്പ് മുൻതൂക്കം നൽകുന്നത്. ഇതിനായി എല്ലാ സാമ്പത്തിക വർഷവും ഡോക്ടർമാർക്കും നേഴ്സുമാർക്കും റീജിയണൽ ക്യാൻസർ സെന്ററുകളിൽ വച്ച് പരിശീലനം നൽകി ജില്ലയിലെ വിവിധ ആരോഗ്യ കേന്ദ്രങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. ഇതിനു പുറമെ ഗ്രാമ/നഗര പ്രദേശങ്ങളിൽ ക്യാൻസർ നിർണ്ണയ ക്യാമ്പുകൾ നടത്തുകയും പ്രാരംഭദശയിലുള്ള ക്യാൻസറുകൾ കണ്ടെത്തുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| സി) | പ്രാരംഭ ഘട്ടത്തിലുള്ള രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കുമായി ഫലപ്രദമായ എന്തെല്ലാം പ്രചരണ പരിപാടികളാണ് സ്വീകരിയ്ക്കാനുദ്ദേശിക്കുന്നത്; | സി) | എല്ലാ സാമ്പത്തിക വർഷവും ക്യാൻസർ കെയർ പദ്ധതിയുടെ ഭാഗമായി ക്യാൻസർ രോഗത്തെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികൾ ആരോഗ്യ വകുപ്പ് സംഘടിപ്പിച്ചുവരുന്നു. സ്കൂൾ, കോളേജ് കുട്ടികൾക്കായി എക്സിബിഷൻ, പോസ്റ്റർ പ്രദർശനം, ആരോഗ്യ ബോധവൽക്കരണം, മത്സരങ്ങൾ തുടങ്ങിയവ റീജിയണൽ കാൻസർ സെന്ററുകളുടെ സഹായത്തോടുകൂടി ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്നു. എല്ലാ ക്യാൻസർ രോഗനിർണ്ണയ ക്യാമ്പിനോടുമനുബന്ധിച്ച് ക്യാൻസർ രോഗത്തെക്കുറിച്ചും അതുണ്ടാവാനുള്ള കാരണങ്ങളെക്കുറിച്ചും ആരോഗ്യബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നു |
| ഡി) | ജീവിത ശൈലിയും ജീവിത സാഹചര്യങ്ങളും ഈ അസുഖത്തിന് കാരണമാകുന്നുണ്ടെന്ന കണ്ടെത്തലിന്റെ പശ്ചാത്തലത്തിൽ ജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കുമോ? | ഡി) | ജീവിത ശൈലിയും ജീവിത സാഹചര്യങ്ങളും കാൻസർ രോഗവുമായി ഏറെ ബന്ധപ്പെട്ടിരിക്കുന്നു. ക്യാൻസർ രോഗ നിർണ്ണയത്തിന് ജീവിതശൈലിയിൽ കാതലായ മാറ്റങ്ങൾ വരുത്തേണ്ടതായിട്ടുണ്ട്. ഭക്ഷണം, വ്യായാമം, ലഹരി തുടങ്ങിയ കാര്യങ്ങളിൽ ആരോഗ്യപരമായ സമീപനം അത്യന്താപേക്ഷിതമാണ്. ഈ ലക്ഷ്യങ്ങൾ മുൻനിർത്തി സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കിവരുന്ന ജീവിതശൈലി രോഗ നിയന്ത്രണ പരിപാടിയിൽ ആരോഗ്യ ബോധവൽക്കരണത്തിനും രോഗങ്ങൾ നേരത്തേ കണ്ടെത്തുന്നതിനും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ